കെട്ടുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാക്കി മുൻഗണനാ ലിസ്റ്റ് വന്നതിനുശേഷമാണ് തുടങ്ങുന്നത്. ഇപ്പോഴത്തെ മുൻഗണനാ ലിസ്റ്റിൽ കോഴിച്ചെന ഇല്ല. സൗകര്യങ്ങൾ ലഭ്യമാക്കിത്തന്നാൽ, ലഭ്യമാക്കിയതിനുശേഷം മുൻഗണനാ ലിസ്റ്റിൽപ്പെടുത്തി അത് പരിഗണിക്കുന്നതാണ്.

(11) മുംബൈയിലെ വെള്ളപ്പൊക്കത്തിൽ മരണപ്പെട്ട കണ്ണൂർ സ്വദേശി ചന്ദ്രന്റെ കുടുംബത്തിന് സഹായം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുപുഴ നെടുഞ്ചാൽ സ്വദേശിയായ കഴിഞ്ഞ പത്തുവർഷത്തോളമായി ബോംബെയിൽ ജോലി ചെയ്തുവരികയുമായിരുന്ന എ. വി. ചന്ദ്രൻ ഈയിടെ ബോംബെയിലുണ്ടായ പ്രളയത്തെതുടർന്ന് മരണപ്പെട്ടു. അസുഖത്തെതുടർന്ന് നാനാവതി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്ന ചന്ദ്രൻ വെള്ളപ്പൊക്കത്തെത്തുടർന്ന് ചികിൽസ ലഭിക്കാതെ മരണപ്പെടുകയാണുണ്ടായത്. ചന്ദ്രന്റെ വരുമാനംകൊണ്ടുമാത്രം ജീവിക്കുന്ന കുടുംബമാണ് അയാളുടേത്. അമ്മയും അവിവാഹിതയായ പെങ്ങളും മാത്രമാണ് കുടുംബത്തിലുള്ളത്. ചന്ദ്രന്റെ നിരാലംബമായ കുടുംബത്തെ സഹായിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* കേരളത്തിന് പുറത്ത് ജോലി ചെയ്തുവരികയായിരുന്ന ആളാണ് മരണപ്പെട്ട ചന്ദ്രൻ. ഇത് മുംബൈയിൽ വച്ചുണ്ടായ സംഭവമാണ്. "നോർക്ക" ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കേരളത്തിന് പുറത്തുള്ളവർക്ക് ആശ്വാസം നൽകുന്നതിന് വേണ്ടിയിട്ടുള്ള ഒരു ഫണ്ട് ഉണ്ട്. ആ ഫണ്ടിൽനിന്നും ഈ കുടുംബത്തിന് സഹായം നല്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(12) എം. ജി. യൂണിവേഴ്സിറ്റി കാമ്പസിൽ നടന്ന അക്രമം

ശ്രീ. തോമസ് ചാഴികാടൻ: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കാമ്പസിൽ എസ്.എഫ്.ഐ. വിദ്യാർത്ഥിസമരത്തിന്റെ പേരിൽ അക്രമവും ഭീകരാന്തരീക്ഷവും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 29-ാം തീയതി സിൻഡിക്കേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറും School of letters-ന്റെ Head of the Department-ഉം റീഡറുമായ ഡോക്ടർ കുര്യാസ് കുമ്പളക്കുഴി അദ്ദേഹത്തിന്റെ ഓഫീസിൽനിന്ന് സ്വന്തം വാഹനത്തിൽ വരുന്ന അവസരത്തിൽ എസ്.എഫ്.ഐ. വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ കാറ് തടഞ്ഞുനിറുത്തി അദ്ദേഹത്തെ പുറത്തേക്ക് വലിച്ചിട്ട് ദേഹമാസകലം കരി ഓയിൽ ഒഴിക്കുകയും മർദ്ദിച്ച് പരിക്കേല്പിക്കുകയും ചെയ്തു. അദ്ദേഹം നാല് ദിവസമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയുമാണ്. തൊടുപുഴ എഞ്ചിനിയറിംഗ് കോളേജിലെ ഫീസ് വർദ്ധിപ്പിച്ചതാണ് ഇതിന് കാരണമായി പറയുന്നത്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയത് 1996-ലാണ്; എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അന്ന് തുടങ്ങിയ ഫീസ് സ്ട്രക്ച്ചർ തന്നെ തുടർന്നു വരികയായിരുന്നു. ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ അത് 38,700 രൂപയാക്കി. നേരത്തെ ഒരുലക്ഷം രൂപയും 30,000 രൂപ ഫീസും വാങ്ങിക്കൊണ്ടിരുന്നു. അതിനുശേഷം സമരം തുടങ്ങി വിദ്യാർത്ഥികളെ ചർച്ചയ്ക്ക് വിളിച്ചിട്ട് അതിൽ പങ്കെടുക്കാതെ യൂണിവേഴ്സിറ്റിക്കകത്ത് കയറി അക്രമം നടത്തി യൂണിവേഴ്സിറ്റിയുടെ കെട്ടിടം മുഴുവൻ അടിച്ച് പൊളിച്ചു. അതിനുശേഷം ഈ അദ്ധ്യാപകനെ അടിച്ച് പരിക്കേൽപ്പിച്ചു. അദ്ദേഹത്തിന്റെ കാലിലെ അസ്ഥി പൊട്ടി, പ്ലാസ്റ്റർ ഇട്ട് കിടക്കുകയാണ്. ഇത് തുടർ പ്രക്രിയയായി പോകുകയാണ്. ഇന്നും പത്രത്തിൽ വാർത്ത കിടക്കുകയാണ് "കേരള യൂണിവേഴ്സിറ്റി അദ്ധ്യാപകനെ എസ്.എഫ്.ഐ.-കാർ അടിച്ച് പരിക്കേൽപ്പിച്ചു" എന്നാണ് വാർത്ത. മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് ഈ സമരം ഒത്തുതീർപ്പാക്കുകയും അക്രമപ്രവർത്തനം നടത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* തൊടുപുഴ എഞ്ചിനീയറിംഗ് കോളേജിൽ ഗവൺമെന്റ് കോളേജിലെ ഫീസേ വാങ്ങാവൂ എന്നാവശ്യപ്പെട്ട് സമരം നടത്തുന്ന എസ്.എഫ്.ഐ. വിദ്യാർത്ഥികൾ 29-7-2005-ന് ഡോക്ടർ കുര്യാസ് കുമ്പളക്കുഴിയെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ വാഹനം തടഞ്ഞുനിറുത്തി കാറിൽനിന്നും വലിച്ച് പുറത്തിറക്കി ദേഹത്ത് കരി ഓയിൽ ഒഴിക്കുകയും കാറിന് കേട് വരുത്തുകയും ചെയ്തു. ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. 29-ാം തീയതി ഉണ്ടായ സംഭവമാണ്. ഇതുവരെ നിയമനടപടികൾ നടന്നിട്ടില്ല എന്നുള്ളത് വളരെ ഗൗരവമായിട്ടെടുക്കുന്നതും അതിനുത്തരവാദികളായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുന്നതുമാണ്.